# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാട്ടകാമ്പാല് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P7)1008/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടകാമ്പാല് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P7)1008/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 06-06-2022 | 13-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-06-2022 | 13-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ

ശ്രീമതി വിദ്യാ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ജോയ്സൻ, ഓഡിറ്റർ

ശ്രീമതി രേഖ ഇ സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി കെ സദാനന്ദൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി രേഷ്മ ഇ എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പി ശ്രീകുമാരി | സെക്രട്ടറി | 01-04-2020 | 26-05-2020 |
| ശ്രീമതി ഷാനിബ ടി എം | സെക്രട്ടറി - ഇൻ - ചാർജ് | 27-05-2020 | 30-06-2020 |
| ശ്രീമതി പി ശ്രീകുമാരി | സെക്രട്ടറി | 01-07-2020 | 14-09-2020 |
| ശ്രീമതി ഷാനിബ ടി എം | സെക്രട്ടറി - ഇൻ - ചാർജ് | 15-09-2020 | 22-10-2020 |
| ശ്രീമതി പി ശ്രീകുമാരി | സെക്രട്ടറി | 23-10-2020 | 31-03-2021 |
| ശ്രീ ജ്യോതിരാജ് പി എസ് | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി അമല ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജെറ്റ്സി മാത്യു പി | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 01-04-2020 | 31-03-2021 |
| ഡോ.ഷബ്ന കൃഷ്ണൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.നിഖിൽ ജോസ് ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.സിൻസി ജോസഫ് ബി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീല സി സി | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ രഘുനാഥൻ എ വി | വി ഇ ഓ പഴഞ്ഞി സർക്കിൾ | 01-04-2020 | 24-11-2020 |
| ശ്രീമതി ചിത്ര സി കെ | വി ഇ ഓ പഴഞ്ഞി സർക്കിൾ | 25-11-2020 | 31-03-2021 |
| ശ്രീ രഘുനാഥൻ എ വി | വി ഇ ഓ കാട്ടകാമ്പാൽ സർക്കിൾ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഷാനിബ ടി എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി രശ്മി പി ആർ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഫാത്തിമ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 26-07-2020 |
| ശ്രീ ടോണി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 27-07-2020 | 31-03-2021 |
| ശ്രീമതി ജിഷ കെ ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച വിവരം<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-9 |
| 10 | വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-10 |
| 11 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-11 |
| 12 | ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-12 |
| 13 | വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-13 |
| 14 | ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-14 |
| 15 | വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി | 1-15 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | |
| 16 | "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-16 |
| 17 | ജേണൽ മുഖേനയുളള രേഖപ്പെടുത്തൽ-വൗച്ചർ ,അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-17 |
| 18 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-18 |
| 19 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-19 |
| 20 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുളള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-20 |
| 21 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-21 |
| 22 | പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-22 |
| 23 | വില്ലേജിൽ നിന്നുള്ള വാല്യുവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായി കാണുന്നു.<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-23 |
| 24 | ഫയർ നിരാക്ഷേപപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: Joyson (Auditor, On 13-06-2022) | 1-24 |
| 25 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ നിന്നും വരുമാനമില്ല<br>Written By: Joyson (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-25 |
| 26 | ലൈഫ് ഭവന പദ്ധതി<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-26 |
| 27 | ലൈഫ് ഭവന പദ്ധതി- ലോൺ ഇനത്തിലെ ചെലവ് - ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-27 |
| 28 | പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-28 |
| 29 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി-കൃത്യമായ യോഗം ചേരൽ നടക്കുന്നില്ല.<br>Written By: REKHA E.C. (Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-29 |
| 30 | പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതി -മരുന്ന് വാങ്ങിയതിന്റെ ബിൽ | 1-30 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല.<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | |
| 31 | ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-31 |
| 32 | മിനിമാസ്റ്റ് സ്ഥാപിക്കൽ -സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നടപ്പാക്കിയില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-32 |
| 33 | ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-33 |
| 34 | കരാർ വ്യവസ്ഥക്ക് വിരുദ്ധമായി ജനകീയ ഹോട്ടലിന്റെ 12മാസ വാടക അഡ്വാൻസ് നൽകി<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-34 |
| 35 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-35 |
| 36 | തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Vidya Vikraman (Asst. Audit Officer, On 12-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-36 |
| 37 | മുഴുവൻ തെരുവു വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-37 |
| 38 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- അനുവദിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-38 |
| 39 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് വാങ്ങുമ്പോൾ ആവശ്യമായ സൂക്ഷിപ്പ് കാലാവധി ഉറപ്പ് വരുത്തേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 1-39 |
| 40 | പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയപ്പോൾ കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി<br>Written By: P.G.Sadanandan (Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-40 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയപ്പോൾ കുറഞ്ഞ | 3-1 |

| | | |
|---|---|---|
| | നിരക്കിൽ പിഴ ഈടാക്കി<br>Written By: P.G.Sadanandan (Audit Officer, On 13-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 16-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 15-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: REKHA E.C. (Auditor, On 11-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 09.03.2020 | 1(1) | 415346930 | 410800680 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 20.01.2021 | 1(15) | 200270331 | 196153100 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 17.06.2021 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11104868 |
| വരവ് | 75915146 |
| ആകെ | 87020014 |
| ചെലവ് | 75811073 |
| നീക്കിയിരിപ്പ് | 11208941 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 13585141 | 13585141 | 12968134 | 617007 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 9250862 | 9250862 | 7948478 | 1302384 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 10463000 | 10463000 | 10458774 | 4226 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 4000128 | 4000128 | 3306469 | 693659 |
| സെൻട്രൽ | 0 | 10455734 | 10455734 | 8232290 | 2223444 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 5520000 | 5520000 | 3031572 | 2488428 |
| ദുരിതാശ്വാസനിധി | 0 | 21021 | 21021 | 0 | 21021 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 1098018 | 2432448 | 3530466 | 227721 | 3302745 |
| ICDS | 507072 | 1522718 | 2029790 | 701200 | 1328590 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 212 | 47443000 | 112 | 34017009 | 56 | 44 | 52.83 |

## 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച വിവരം

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3408600 | 189 |
| വിധവാ പെൻഷൻ | 22039000 | 1394 |
| വാർദ്ധക്യകാല പെൻഷൻ | 28286500 | 1908 |
| വികലാംഗ പെൻഷൻ | 4614300 | 298 |
| 50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2620100 | 173 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 327934 | 810413 | 1138347 | 839745 | 298602 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 17811885 | 17811885 | 17811885 | 0 |

സ്ഥാപനം ലഭ്യമാക്കിയ മേൽ പറഞ്ഞ കണക്ക് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.06.2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,495/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1, 2, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ – ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം(റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1936558/- | 1929301/- | 22857/- | 0/- |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1936558/- | 1913691/- | 19919 | 0/- |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക, മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 21 തീ: 10-06-2022, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1201937/- | 1213713/- | 5726/- | - |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1201937/- | 1196211/- | 1090/- | - |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-43) | ( 350410104- Advance Collection- PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 21 തീ: 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 ലൈബ്രറി സെസ്സ്-വാർഷികകണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 100163 | | 100163 | 98665 | | 98665 | 1498 | | 0 | | |
| | നോൺ-റെസിഡൻഷ്യൽ | 62081 | | 62081 | 61179 | | 61179 | 316 | | 0 | | |
| | ആകെ | | | 162244 | | | 159844 | 1814 | | 0 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 151261 | | | 151261 | | | | 151261 | 0 | | |
| | | (2019-20ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2020-21) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1.ഡിമാന്റ് ,കളക്ഷൻ,മുൻകൂർ ക്രമീകരിച്ചത്,ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 21 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്‌വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ.നം | ശീർഷകം | ബാലൻസ്ഷീറ്റ് | സഞ്ചയ |
|---|---|---|---|

| | | ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 15008/- | 153205/- |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 13895/- | 26470/- |

## 1-14 ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 സാമ്പത്തിക വർഷത്തിൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ 180 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ “110100101-Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 31,38,495/- മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-15 വരവ് രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് [കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)] . നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.
ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ) : ഡിമാന്റും, കളക്ഷനും തമ്മിൽ 32,450/- വ്യത്യാസം കാണുന്നു

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ) : Abstract കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

3. ഡി.&ഒ ഡിമാന്റ് രജിസ്റ്റർ : കൃത്യമാണ്.

4. ലൈബ്രറി രജിസ്റ്റർ : രജിസ്റ്ററില്ല.

5. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ : Abstract കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ : Abstract കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

## 1-16 "280000000-Prior Period Item"-വൌച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 2948 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 4636 |
| 280100102-Prior Period Income-Professional Tax | (960) |
| 280200401-Prior Period Income-Other Income | (14650) |
| 280800101-Prior Period-Establishment Expenses | (10920) |
| 280100105-Prior Period Income-Service Cess Residential | 830 |
| 280100106-Prior Period Income-Service Cess Residential | 435 |
| 280200201-Prior Period Income-Licence Fee | (500) |
| 280600499-Prior Period Income-Remission & Refund-Other Income | 3000 |

(ഓഡിറ്റ് എൻക്വയറി 21 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-17 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തൽ-വൗച്ചർ ,അനുബന്ധരേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനം, ക്രമീകരിക്കാനം സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനം, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനം നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 21 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 21 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി 21 തീ 10/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | ആകെ വരവ് | ആകെ ചെലവ് |
|---|---|---|
| വാർഷിക ധനകാര്യ പത്രപ്രകാരം | 20970568/- | 20970568/- |
| ക്യാഷ്ബുക്ക് പ്രകാരം | 23667636/- | 23667636/- |

റവന്യൂവരുമാനവും ചെലവും തെറ്റായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 26,97,068/- രൂപ കുറവായി കാണിക്കുന്നു.

## 1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,04,073/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 35,83,226/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ ഈ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല. (ഓഡിറ്റ് എൻക്വയറി നം. 21/10.6.22, മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-22 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. (കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 57))

1. 450230101 District Co-operative Bank - Own Fund
2. 450250101 VPFA-I
3. 450250102 Treasury - Own Fund-VPFA-I_2 0.00
4. 450250110 Treasury TSB A/C
5. 450410101 Canara Bank-NREGA
6. 450420101 STATE BANK OF INDIA
7. 450430101 Thrissur District Co-Operative Bank -OLD
8. 450430102 E.M.S.Housing Loan
9. 450430103 Thrissur Dist Co-op Bank(distress Relief Fund)
10. 450610101 SBT-Plan
11. 450650102 VPFA-III
12. 450650103 VPFA-IV-CFC-Award Grant
13. 450650104 VPFA-V-KLGSDP Grant
14. 450650105 VPFA-III_4
15. 450650106 VPFA-III_5
16. 450650108 VPFA-III_7
17. 450650109 Treasury Special TSB - Joint Venture
18. 450650101 VPFA-II

(ഓഡിറ്റ് എൻക്വയറി നം. 21/10.6.22, മറുപടി ലഭ്യമാക്കിയില്ല)

## 1-23 വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചതായി

കാണുന്നു.

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)231/15/തസ്വഭവ തി.9.7.15 പ്രകാരം കെട്ടിടനമ്പർ അനുവദിക്കുമ്പോൾ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം കൂടി വാങ്ങി സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | വിസ്തീർണ്ണം | ഉപയോഗക്രമം |
|---|---|---|---|
| 1 | 5/232A | 163.55 ച.മീ | വാണിജ്യം |
| 2 | 6/309D | 2646 ച.മീ | ഓഡിറ്റോറിയം |
| 3 | 4/370 C,D,E,F | 143 ച.മീ | വാണിജ്യം |
| 4 | VI/107A,B,C,D,E | 180.04 ച.മീ | വാണിജ്യം |
| 5 | 4/39A To G | 175.56 | താമസം |
| 6 | 7/137 A,B | 252.43 | ഇതര വ്യവസായം |
| 7 | 3/538A | 148.49 ച.മീ | വാണിജ്യം |
| 8 | IV/31A | 48 ച.മീ | ഓഫീസ് |
| 9 | IX/257D,E,F,G | 244.42 ച.മീ | വാണിജ്യം |
| 10 | XV/718A | 66.32 ച.മീ | ഇതര വ്യവസായം |

വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രമില്ലാതെ കെട്ടിടനമ്പർ അനുവദിച്ചത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 1/13.6.22 നൽകിയെങ്കിലും മറുപടിയൊന്നും ലഭ്യമാക്കിയില്ല. വില്ലേജിൽ നിന്നുള്ള വാല്യൂവേഷൻ സാക്ഷ്യപത്രം വാങ്ങി മാത്രം കെട്ടിടനമ്പർ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ഫയർ നിരാക്ഷേപപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്

പെർമിറ്റ് നം.എ4/801/20 തി.17.11.20 പ്രകാരം ട്രസ്റ്റി വികാർ,സെന്റ് മേരീസ് ഓർത്തോഡോക്സ് സിറിയൻ ചർച്ച് എന്നവർക്ക് 973.55 ച.മീ വരുന്ന വിദ്യഭ്യാസ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്.പ്ലോട്ടിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തൃതി അടക്കം മൊത്തം 1013.75 ച.മീ ഉള്ളതായി കാണുന്നു.1000 ച.മീറ്ററിന് മുകളിലുള്ള വിദ്യഭ്യാസ കെട്ടിടത്തിന് അഗ്നിശമന വകുപ്പിൽ നിന്നുള്ള നിരാക്ഷേപപത്രം ആവശ്യമാണ്.ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 30/13.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചട്ടപ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ വാങ്ങി സൂക്ഷിച്ച് മാത്രം പെർമിറ്റ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

## 1-25 ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ നിന്നും വരുമാനമില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ആസ്തികൾ കാണുന്നു.

| | |
|---|---|
| കാട്ടാകാമ്പൽ പഞ്ചായത്ത് കോൺഫറൻസ് ഹാൾ | 132 ച.മീ |
| ഐ.എച്ച്.ഡി.പി കമ്മ്യൂണിറ്റി ഹാൾ | 240 ച.മീ |
| കുടുംബശ്രീ വിപണന കേന്ദ്രം | 16.50 ച.മീ |

നിലവിൽ ഈ കെട്ടിടങ്ങളിൽ ഏതുതരം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്, 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന് ഈ കെട്ടിടങ്ങളിൽ നിന്നും വാടക ഇനത്തിൽ വരുമാനം ലഭിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം.31/13.6.22) കോൺഫറൻസ് ഹാൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിൽ മീറ്റിങ്ങുകളും, പരിശീലന പരിപാടികളും നടത്താറുണ്ടെന്നും, അതുപോലെ കുടുംബശ്രീ വിപണന കേന്ദ്രത്തിൽ കുടുംബശ്രീ ഉൽപ്പന്നങ്ങളുടെ വിൽപ്പനയും, ആഴ്ചയിൽ ചന്തകൾ നടത്താറുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുകളിൽ പ്രസ്താവിച്ച ആസ്തികളിൽ നിന്നും ഗ്രാമപഞ്ചായത്തിന് വരുമാനമൊന്നുമില്ല. ആയതിനാൽ തനതു വരുമാനം താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തായതിനാൽ ആസ്തികളിൽ നിന്നും വരുമാനം കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവന പദ്ധതി

2020-21 വർഷത്തിൽ ലൈഫ് ഭവന പദ്ധതിക്കായി താഴെ പറയുന്ന പ്രൊജക്ടുകൾ രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്റ്റിന്റെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 45/21- ലൈഫ് മിഷൻ ഭവന നിർമ്മാണം - ജനറൽ | വികസനഫണ്ട് -12,00,000<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - 8,00,000<br>ബ്ലോക്ക് വിഹിതം - 5,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം- 1,00,000<br>മറ്റുള്ളവ (വായ്പ)- 2,00,000 | വികസനഫണ്ട്- 12,00,000<br>സംസ്ഥാനാവിഷ്കൃത ഫണ്ട്- 7,00,000 | വി.ഇ.ഒ, പഴഞ്ഞി സർക്കിൾ |
| | ആകെ –28,00,000/- | ആകെ –19,00,000/- | |
| 53/21- ലൈഫ് മിഷൻ ഭവന നിർമ്മാണം- എസ്.സി. | എസ്.സി.പി.- 10,06,650<br>ബ്ലോക്ക് വിഹിതം- 2,00,000 | എസ്.സി.പി.- 10,06,650/- | വി.ഇ.ഒ, കാട്ടകാമ്പാൽ സർക്കിൾ |
| | ആകെ –12,06,650/- | ആകെ –10,06,650/- | |

ലൈഫ് മിഷൻ രണ്ടാം ഘട്ടത്തിൽ ജനറൽ വിഭാഗത്തിൽ നിന്ന് 24 ഗുണഭോക്താക്കൾ എഗ്രിമെന്റിൽ ഏർപ്പെട്ട് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ലൈഫ് ഫേസ്-3 ൽ ഭൂരഹിത ഭവനരഹിതരുടെ പട്ടികയിൽ നിന്നും ജോൺസൺ കാരമുക്കിൽ, സുബി ധനീഷ്, മുതിരംപറമ്പത്ത് എന്നിവർ ഭൂമി സ്വന്തമാക്കിയതിനാൽ ലൈഫ് ഫേസ്-2 ലേക്ക് മാറ്റി എഗ്രിമെന്റിൽ ഏർപ്പെട്ട് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട 6 ഗുണഭോക്താക്കൾ എഗ്രിമെന്റ് വെച്ച് ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പട്ടികജാതി വകുപ്പിൽ നിന്നും ലഭ്യമായ 23 പേരുടെ അഡീഷണൽ ലിസ്റ്റിൽ മുഴവൻ പേരും എഗ്രിമെന്റിൽ ഏർപ്പെട്ടു. നിലവിൽ 6 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 18/03/2021 ന് ഒന്നാം ഗഡു അനുവദിച്ച കണ്ണൻ പി.സി., പാലയൂർ പറമ്പിൽ എന്ന ഗുണഭോക്താവ് നാളിതു വരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. എഗ്രിമെന്റ് വെയ്ക്കുകയും ധനസഹായം അനുവദിച്ചിട്ടില്ലാത്തതുമായ ശ്രീ. പ്രസാദ്, ചെറൂളിയിൽ, ശ്രീ.പ്രമോദ്, ചെറൂളിയിൽ എന്നീ ഗുണഭോക്താക്കളും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

ഒന്നാംഗഡു അനുവദിച്ചിട്ടും നാളിതു വരെ ഭവനനിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം കണ്ടെത്തി ആയത് പരിഹരിക്കുന്നതിന് ശ്രമം നടത്തേണ്ടതാണ്. പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഭവനങ്ങൾ എത്രയും വേഗം പൂർത്തീയാക്കാനുള്ള നടപടികൾ സ്വീകരിച്ച് ലൈഫ് രണ്ടാം ഘട്ടം പൂർത്തിയാക്കേണ്ടതാണ്.

## 1-27 ലൈഫ് ഭവന പദ്ധതി- ലോൺ ഇനത്തിലെ ചെലവ് - ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പ്രൊജക്റ്റിന്റെ പേരും നമ്പരും | ലൈഫ് മിഷൻ ഭവനനിർമ്മാണം- ജനറൽ (45/21) |
|---|---|
| വകയിരുത്തിയ തുക<br>വികസന ഫണ്ട് (ജനറൽ) - 12,00,000<br>സംസ്ഥാനാവിഷ്കൃത വിഹിതം - 8,00,000 | ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)<br>വികസന ഫണ്ട്(ജനറൽ) - 12,00,000<br>സംസ്ഥാനാവിഷ്കൃത വിഹിതം - 7,00,000 |

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 5,00,000<br>ജില്ലാ പഞ്ചായത്ത് വിഹിതം - 1,00,000<br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള<br>വായ്പ - 2,00,000<br>------------------<br>ആകെ 28,00,000 | --------------<br>19,00,000 |

2020-21 വർഷത്തിൽ ലൈഫ് ഭവന പദ്ധതിക്കായി ഹഡ്കോ ലോൺ ഇനത്തിൽ 3,80,000/- രൂപ വൗച്ചർ നം.2200064/30.04.20 പ്രകാരം (ചെക്ക് നമ്പർ- 2338786/30.04.20) ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് പ്രകാരം ഈയിനത്തിലെ വകയിരുത്തൽ 2,00,000/- രൂപ മാത്രമാണ്. മേൽ ചെലവ് ഉൾപ്പെടുത്തുന്നതിനായി പ്രൊജക്ട് റിവൈസ് ചെയ്യുകയോ സുലേഖ ചെലവ് പത്രികയിൽ ചെലവ് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ അപാകങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 23/13.06.2022)

## 1-28 പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് അനുവദനീയമായ ഡിസ്കൗണ്ട് ലഭിക്കുന്നില്ല

ജി.ഒ (ആർ.ടി) 01/11 ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി) 288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വൗച്ചറുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൗച്ചർ നം. | തിയതി | പത്ര സ്ഥാപനം | തുക |
|---|---|---|---|---|
| 1 | 22000932 | 16.6.2020 | ദേശാഭിമാനി | 24696 |
| 2 | 22000931 | 16.6.2020 | ദേശാഭിമാനി | 6300 |
| 3 | 22001384 | 11.9.2020 | ദേശാഭിമാനി | 6300 |
| 4 | 22001088 | 12.1.2021 | ദേശാഭിമാനി | 6300 |
| 5 | 22001360 | 18.2.2021 | ദേശാഭിമാനി | 6300 |
| 6 | 22001350 | 18.2.2021 | ദേശാഭിമാനി | 6300 |
| 7 | 22001089 | 12.1.2021 | ദേശാഭിമാനി | 6300 |
| 8 | 22001364 | 18.2.2021 | ദേശാഭിമാനി | 6300 |
| 9 | 22001431 | 26.2.2021 | ദേശാഭിമാനി | 12600 |
| 10 | 22001457 | 17.3.2021 | ദേശാഭിമാനി | 6300 |
| ആകെ | | | | 87696 |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പത്രം ആവശ്യപ്പെട്ട പ്രകാരമുള്ള തുക അനുവദിച്ച് നല്കുകയാണ് ചെയ്തിട്ടുള്ളത്. അതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നം. 26/13.06.2022 ന മറുപടി ലഭ്യമാക്കിയിട്ടില്ല. വരും വർഷങ്ങളിലെ ബിൽ തുകകളിൽ ഡിസ്കൗണ്ട് തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി-കൃത്യമായ യോഗം ചേരൽ നടക്കുന്നില്ല.

പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റ് ചെയർപേഴ്സണായി രൂപീകരിക്കേണ്ട കമ്മിറ്റിയാണിത്. ഈ കമ്മിറ്റി രണ്ട്

മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ഓഡിറ്റ് വർഷത്തിൽ 2019-20ൽ 11/06/2019 നും, 06/01/20 നും 28/03/2020 നുമായി 3 തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നത്. മാത്രമല്ല 2020-21, 2021-22 എന്നീ വർഷങ്ങളിൽ യാതൊരു യോഗങ്ങളും നടത്തിയിട്ടുമില്ല. യോഗങ്ങളിൽ മെമ്പർസെക്രട്ടറി ഓരോ മാസത്തേയും പ്രവർത്തന - അവലോകന റിപ്പോർട്ടും, വരവ് ചെലവ് കണക്കും രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. കൂടാതെ ദ്വൈമാസയോഗത്തിൽ വെച്ച് അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്. മിനുറ്റ്സ് പരിശോധിച്ചതിൽ ഇത്തരത്തിൽ യാതൊരു വിലയിരുത്തലുകളും, ചർച്ചകളും നടത്തിയതായി കാണുന്നില്ല. മേൽപറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.
(സ.ഉ.(സാധാ)3217/2015/ത.സ്വ.ഭ.വ. തി. 29.10.2015ഖ.2-3-2 കാണുക.)

## 1-30 പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതി -മരുന്ന് വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി.
പ്രോജക്ടിന്റെ പേര് : പെയിൻ ആൻഡ് പാലിയേറ്റീവ് പദ്ധതി

| | വികസനഫണ്ട്-പൊതുവിഭാഗം | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | ആകെ |
|---|---|---|---|---|
| അടങ്കൽ | 5,00,000 | 1,50,000 | 2,50,000 | 9,00,000 |
| ചെലവ് | 4,98,640 | 1,50,000 | 0 | 6,48,640 |

ട്രഷറി ബിൽ നം.22/19.02.2021 തുക- 1,04,450/-
മേൽ പ്രൊജക്റ്റ് പ്രകാരം കിടപ്പിലായ രോഗികളെ കണ്ടെത്തി അവർക്കാവശ്യമായ ചികിത്സ സഹായം നൽകുന്ന ആവശ്യത്തിലേക്കായി മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷന്( അക്കൗണ്ട് നമ്പർ -3624001800000019) 1,04,450/- രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. തുക ലഭിച്ചതിന്റെ രസീത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം മരുന്ന് ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 17/10.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ ചെലവ് തുകയായ 1,04,450/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-31 ഗവ.എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി 2020-21 വർഷത്തിൽ പ്രൊജക്ടുകൾ നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

I) എസ്.സി.വിഭാഗം പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ (സ്പിൽ ഓവർ)

പ്രോജക്ട് നം. 203/2020-21

അടങ്കൽ – 2,75,383 (വികസനഫണ്ട് – എസ്.സി.പി.)

ചെലവ് - 1,09,840 (ട്രഷറി ബിൽ നം.02/17.03.2021)

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊഫഷണൽ/ ബിരുദ കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനായിരുന്നു പ്രോജക്ട്. ആയതിനു വേണ്ടി പരിശോധനക്ക് ലഭ്യമാക്കിയ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ ലാപ്ടോപ്പ് കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേര് ഉൾപ്പെടുന്നില്ല.
1. ശ്രീകാന്ത് പി.കെ., പഴുക്കാത്തടത്തിൽ വീട്,
2. അമൽ അരിയാരത്ത്

2) സ്റ്റോക്ക് രജിസ്റ്ററിൽ ലാപ്ടോപ്പുകൾ ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക്

വിതരണം ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.

3) പ്രൊഫഷണൽ/ ബിരുദ കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് 4 ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ. റ്റി. മിഷന് 1,09,840/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം ലഭ്യമാക്കിയ Acer India (Private) Limited ന്റെ ടാക്സ് ഇൻവോയ്സിൽ ലാപ്ടോപ്പുകളുടെ നികുതിയടക്കം 1,04,727.36/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 5,113/- രൂപ (Rs. 109840-104727) അധികം പദ്ധതിയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. യഥാർത്ഥ ബില്ലിലും അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം അടവാക്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

II) തുല്യത പരീക്ഷക്ക് ധനസഹായം

പ്രോജക്ട് നമ്പർ : 32/21

പേര് : തുല്യത പരീക്ഷക്ക് ധനസഹായം

അടങ്കൽ : ₹ 40,000

ചെലവ് : ₹ 22,400/-

1. ബിൽ നമ്പർ 5/20-21 തീ: 19.3.21 ₹ 15,400/-
2. ബിൽ നമ്പർ 7/20-21 തീ: 19.3.21 ₹ 7,000/-

ഗ്രാമ പഞ്ചായത്തിലെ 10-ാം തരം തുല്യതയുടെ 4 പഠിതാക്കളുടെയും ഹയർ സെക്കന്ററി വിഭാഗം 7 പഠിതാക്കളുടെയും രജിസ്ട്രേഷൻ ഫീസായി യഥാക്രമം ₹ 7,000/- (1750x4), ₹ 15,400/- (2200x7) ചേർത്ത് ആകെ ₹ 22,400/- കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57026996123) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന സാക്ഷരത മിഷൻ തുക കൈപ്പറ്റിയതിന്റെ രശീത് ഫയലിൽ ലഭ്യമല്ല. മാത്രമല്ല പത്താം ക്ലാസ്, പന്ത്രണ്ടാംക്ലാസ്സ് തുല്യതാപരീക്ഷയ്ക്ക് പരീക്ഷാഫീസ് അടവാക്കിയ പഠിതാക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന രജിസ്റ്റർ, അറ്റൻഡൻസ്, പരീക്ഷ സംബന്ധമായ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 11/തീയതി: 8.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

III) എസ്.സി.വിഭാഗം പ്രൊഫഷണൽ/ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

പ്രോജക്ട് നം.30/20-21

അടങ്കൽ -4,50,000 (വികസനഫണ്ട്-എസ്.സി.പി.)

ചെലവ് - 4,39,360 (വൗച്ചർ നം.22001464/20-21 തീ:16.3.21)

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ്റ്റോക്ക് രജിസ്റ്ററിൽ ലാപ് ടോപ്പുകൾ ലഭിച്ചതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ രജിസ്റ്ററിൽ വരുത്തിയിട്ടില്ല.

2) പ്രൊഫഷണൽ/ ബിരുദ/ ബിരുദാനന്തര കോഴ്സിന് പഠിക്കുന്ന എസ്.സി.വിഭാഗം വിദ്യാർത്ഥികൾക്ക് 16 ലാപ്ടോപ്പ് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ. റ്റി. മിഷന് 4,39,360 /- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം ലഭ്യമാക്കിയ Acer India (Private) Limited ന്റെ ടാക്സ് ഇൻവോയ്സിൽ (PYS121021586/Dt.19.8.21) ലാപ്ടോപ്പുകളുടെ നികുതിയടക്കം 4,18,909/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥ ബില്ല് പ്രകാരമുള്ള തുകയേക്കാളും 20,451/- രൂപ (Rs.4,39,360-4,18,909) അധികം പദ്ധതിയിൽ നിന്നും ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. യഥാർത്ഥ ബില്ലിലും അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികം അടവാക്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച മുഴുവൻ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 8/തീയതി: 8.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുകയായ ₹ 5,71,600 (₹1,09,840 + ₹ 22,400 + ₹ 4,39,360 ) തടസ്സത്തിൽ വയ്ക്കുന്നു.

## 1-32 മിനിമാസ്റ്റ് സ്ഥാപിക്കൽ -സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി

നടപ്പാക്കിയില്ല

പ്രോജക്ട് – എസ്.സി സങ്കേതങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ (29/21)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ – 600000/- (എസ്.സി.പി)

ചെലവ് -598705/-

വൗച്ചർ നമ്പർ -2200105/18.11.2020,598705/-

എസ്.സി സങ്കേതങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനായിട്ടാണ് മേൽ പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റിയുടെ 08/07/2020ലെ 1(3) തീരുമാന പ്രകാരം 6 മിനിമാസ്റ്റ് ലൈറ്റുകൾ 99,784 രൂപ നിരക്കിൽ (ആർട്ടകോയുടെ പ്രഫോർമ ഇൻവോയിസ് പ്രകാരം) സ്ഥാപിക്കുന്നതിന് ആർട്ടകോയെ ഏൽപ്പിക്കുന്നതിന് തീരുമാനിച്ചു. ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് ടി പദ്ധതിയുടെ നിർവ്വഹണത്തിനായി ആർട്ടകോയെ ചുമതലപ്പെടുത്തി. 15/09/2020ലെ വർക്ക് ഓർഡർപ്രകാരം 27/7/2020ൽ ആർട്ടകോയുമായി കരാറിൽ ഏർപ്പെടുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതൾ കാണുന്നു.

1. 6,00,000 അടങ്കൽ തുകയുള്ള പദ്ധതിക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. മത്സരാധിഷ്ഠിത ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ ഇതിലും കുറവ് തുകയിൽ സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഇല്ലാതായി. ടെണ്ടർ നടപടികൾ സ്വീകരിക്കുമ്പോൾ ആർട്ട്കോയ്ക്കും ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി നിലനിൽക്കുന്നുണ്ട്.
2. ആർട്ടകോയെ ഈ പദ്ധതിയുടെ സർക്കാർ അംഗീകൃത നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

3. ആർട്ട്കോയുടെ അക്രഡിറ്റേഷൻവാലിഡിറ്റി കാലയളവ് നീട്ടികൊണ്ടുള്ള ജി.ഒ(ആർറ്റി)നം.19/2010/എസ്.പി.ഡി തീ.13/05/2019 എന്ന ഉത്തരവിന്റെ അനുബന്ധമായി ARTCO യ്ക്ക് വിതരണം നടത്താൻ കഴിയുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ക്രമനമ്പർ 71 മുതൽ 76വരെ വിവിധ വാട്ട്സിലുള്ള Aluminium Diecast Streetlight വിതരണം നടത്തുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. മിനിമാസ്റ്റ് സ്ഥാപിക്കുക എന്ന പ്രസ്തുത പ്രവൃത്തിയുടെ അക്രഡിറ്റഡ് ഏജൻസിയായി ടി ഉത്തരവിൽ ARTCO യെ ചുമതലപ്പെടുത്തി കാണുന്നില്ല.

4. പൊതുമരാമത്ത് പണികളുടെ അക്രഡിറ്റഡ് ഏജൻസികളെ അംഗീകരിച്ചുകൊണ്ടുള്ള G.O (P)No.77/2019/fin Dt.4.7.2019 ൽ ആർട്ട്കോയ്ക്ക് ഇന്റീരിയർ പ്രവൃത്തികൾ ചെയ്യുന്നതിനാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പ്രവൃത്തി നിർവ്വഹിക്കുന്നതിന് ആർട്ട്കോയെ ചുമതലപ്പെടുത്തിയത് എന്ത് മാനദണ്ഡത്തിന്റെ അടാസ്ഥാനത്തിലെന്ന് വ്യക്തമല്ല.

5. പദ്ധതിയ്ക്കുവേണ്ടി ക്ഷമതയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ചെയ്ത പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ തുക നൽകുകയോ ചെയ്തിട്ടില്ല. അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ എസ്.സി സങ്കേതങ്ങളിൽ മിനിമാസ്റ്റ് സ്ഥാപിക്കുക എന്ന 2018-19 ലെ (2019-20സ്പിൽ ഓവർ) ഇതേ പദ്ധതി എസ്റ്റിമേറ്റ് തയ്യാറാക്കി ഇ ടെണ്ടർ നടപടികളിലൂടെയും കൃത്യമായ അളവുകൾ രേഖപ്പെടുത്തിയതിൻ പ്രകാരം തുക നൽകിയും ആണ് പഞ്ചായത്ത് നിർവ്വഹിച്ചിട്ടുള്ളത്. ഒരേ പദ്ധതി വ്യത്യസ്ഥ മാനദണ്ഡപ്രകാരം നിർവ്വഹിച്ചിരിക്കുന്നു.

6. കെ.എസ്.ഇ. ബി യിൽ നിന്നുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല .

7. പദ്ധതിയുടെ കംപ്ലീഷൻ മോണിറ്ററിങ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല

സർക്കാർ ഉത്തരവുകളിൽ ഓരോ അക്രഡിറ്റഡ് ഏജൻസിയും നിർവ്വഹിക്കേണ്ട പ്രവൃത്തികൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകൾക്ക് വിരുദ്ധമായി ടെണ്ടർ നടപടികൾ സ്വീകരിക്കാതെയും സാങ്കേതിക ക്ഷമതയുള്ള ഏജൻസികൾ മുഖേന പദ്ധതി നിർവ്വഹിക്കാതിരിരുന്നതിനാലും പഞ്ചായത്തിന് ഇതിലും കുറഞ്ഞ നിരക്കിൽ പദ്ധതി നിർവ്വഹിക്കുന്നതിനുള്ള അവസരം നഷ്ടമാവുകയും തുടർ പ്രവർത്തനം കുറ്റമറ്റ രീതിയിൽ നടപ്പാക്കുവാൻ കഴിയുന്നുണ്ടോ എന്ന് ഉറപ്പാക്കാനും കഴിഞ്ഞിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവരെ ചെലവ് തുക 5,98,705/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 13/9.6.2022)

## 1-33 ജി എസ് ടി രജിസ്ട്രേഷൻ ഇല്ലാത്ത ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക നൽകി

നിർവ്വഹണം – അസിസ്റ്റന്റ് സെക്രട്ടറി

| പ്രോജക്റ്റ് | തുക | വൗച്ചർ നമ്പർ | തീയ്യതി | തുക അടച്ചത് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 42/21 – പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നല്കൽ | 257450<br>13550 | 21901099<br>22001465/31.3.2021 | 18.3.21 | ശബ്ദകല പഴയന്നൂർ എന്ന സ്ഥാപനത്തിന് വാദ്യോപകരണത്തിന്റെ തുകയായി നല്കിയത്.<br>ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനത്തിന്റ ലെറ്റർ ഹെഡ്ഡിൽ ബിൽ നൽകിയിട്ടുള്ളത്. തുക 271000 /- |

സർക്കുലർ നമ്പർ 18/19 ധനം തീയ്യതി 1.3.19 ഖണ്ഡിക 4 പ്രകാരം ജിഎസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർക്ക് മാത്രമേ ടെണ്ടറിൽ പങ്കെടുക്കാനാവൂ. ഇപ്രകാരം ജി എസ് ടി രജിസ്റ്റ്രേഷൻ ഉള്ളവർ സാധനങ്ങൾ അഥവാ സേവനങ്ങൾ നല്കി കഴിഞ്ഞാൽ ജിഎസ് ടി നിയമം 2017 വകുപ്പ് 31 പ്രകാരം ജി എസ് ടി ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഇപ്രകാരമുള്ള ജിഎസ് ടി നമ്പർ വ്യക്തമാക്കാത്ത, സാധനങ്ങളുടെ നികുതി നിരക്ക് വ്യക്തമാക്കാത്ത, ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണോദ്യഗസ്ഥ ശബ്ദകല ഇൻസ്ട്രുമെന്റ്സ് എന്ന സപ്ലെയർക്ക് തുക നല്കിയിട്ടുള്ളത്. ജിഎസ് ടി നിയമപ്രകാരമുള്ള ഇൻവോയ്സ് ഹാജരാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക 2,71,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.
(ഓഡിറ്റ് എൻക്വയറി 16/9.06.2022)

## 1-34 കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ജനകീയ ഹോട്ടലിന്റെ 12മാസ വാടക അഡ്വാൻസ് നൽകി

പ്രോജക്ട് – പന്ത്രണ്ടിന പരിപാടി – വിശപ്പ് രഹിത കേരളം (137/21)

അടങ്കൽ - 100000

ചെലവ് - 100000 (വികസന ഫണ്ട് – ജനറൽ)

വൗച്ചർ നമ്പർ – 22001490/28.1.2021

നിർവ്വഹണം -അസി.സെക്രട്ടറി

ചിറക്കൽ ജനകീയ ഹോട്ടലിന്റെ വാടക, കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ അടവാക്കുന്നതിനായി ആരംഭിച്ച പദ്ധതി. ടി പദ്ധതി പ്രകാരം മേൽ തുക ചെയർപേർസൺ- മെമ്പർ സെക്രട്ടറി കുടുബശ്രീയുടെ ധനലക്ഷ്മി ബാങ്ക് അക്കൗണ്ട് നമ്പർ 21531 ലേക്ക് നൽകിയിട്ടുണ്ട്. 11/2020 ൽ ആരംഭിച്ച ജനകീയ ഹോട്ടലിന്റെ കെട്ടിട ഉടമയായ അഷ്റഫ് പി.എം പയ്യവളപ്പിൽ എന്നയാൾക്ക് 60,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട് (ചെക്ക് നം.363273/2.11.20-50000,363276/6.11.20-10000/-). കെട്ടിട മുറിയ്ക്കു 5,000 രൂപ വാടക നിശ്ചയിച്ച് നൽകിവരുന്നു.
പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു

1. കെട്ടിട ഉടമയുമായി പഞ്ചായത്ത് സെക്രട്ടറി 2/11/2020 ൽ ഏർപ്പെട്ട കരാറിന്റെ വ്യവസ്ഥ 6ൽ "കെട്ടിടം വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട് ഒന്നാം കക്ഷി (സെക്രട്ടറി) രണ്ടാംകക്ഷിയ്ക്കു (കെട്ടിട ഉടമ) യാതൊരു വിധത്തിലുള്ള അഡ്വാൻസ് തുകയോ പാരിതോഷികമോ നൽകുന്നതല്ല "എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ നിലനൽക്കേ 60,000/- രൂപ മേൽപ്രകാരം അഡ്വാൻസ് നൽകിയിരിക്കുന്നു.

2. 12 മാസ വാടക അഡ്വാൻസ് നൽകിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലെന്ന് വ്യക്തമാക്കിയിട്ടില്ല.

3. ഈ പദ്ധതിയുടെ നിർവ്വഹണം പഞ്ചായത്ത് നേരിട്ട് നടപ്പാക്കാതെ കുടുബശ്രീയെ ഏൽപ്പിക്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനും ഇത് സംബന്ധിച്ച് സർക്കാർ നിർദ്ദേശം ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുവാനും എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.
4. 5000 രൂപ വാടക നിശ്ചയിച്ചത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലെന്നും വ്യക്തമല്ല.
ഓഡിറ്റ് നിർദ്ദേശം
1. കരാർ വ്യവസ്ഥ ലംഘിച്ച് നൽകിയ അഡ്വാൻസ് തുക തിരികെ ഈടാക്കേണ്ടതാണ്.
2. വാടക പഞ്ചായത്തിലെ പൊതുമരാമത്ത് വിഭാഗം നിർണ്ണയിച്ച് നൽകേണ്ടതാണ്.
3. ഈ പദ്ധതിയുടെ നിർവ്വഹണം പഞ്ചായത്ത് നേരിട്ട് നടപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി 19/10.06.2022)

## 1-35 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

| ക്രമ നം. | പ്രോജക്റ്റ് | വൗച്ചർ നമ്പർ | തുക | തുക നൽകിയ സ്ഥാപനം | ഓഡിറ്റിന് ആവശ്യമായ രേഖകൾ |
|---|---|---|---|---|---|
| 1 | 87/21- കുളമ്പൻ കുടിവെള്ള പദ്ധതി - വാർഡ്-1 | 22001430/26.2.2021<br>22001478/29.3.2021 | 63900<br>211300 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ, കൈപ്പറ്റ് രസീത്,വിനിയോഗവിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 2 | 83/21- എം.ജി റോഡ് കുടിവെള്ള പദ്ധതി | 22001476/29.3.21<br>22001103/28.09.2020 | 441000<br>59000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ,കൈപ്പറ്റ് രസീത്, വിനിയോഗ വിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 3 | 86/21-IHDP കുടിവെള്ള പദ്ധതി | 22001477/ 29.03.2021 | 500000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ, കൈപ്പറ്റ് രസീത്, വിനിയോഗവിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 4 | 85/21- ആന ക്കല്ല് പെരു മ്പിള്ളി നഗർ കുടിവെള്ള പദ്ധതി വാർഡ്3,14 | 22001101/ 19.1.2021 | 60000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ടകരാർ , വിനിയോഗവിവരം, കംപ്ലീഷൻറിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 5 | 84/21- രാമപുരം കുടിവെള്ള പദ്ധതി | 22001379/ 18.02.2021<br>22001380/ 20.1.2021<br>22001381/ 20.1.2021 | 140000<br>250000<br>250000 | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ഏർപ്പെട്ട കരാർ ,വിനിയോഗവിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 6 | 238/21- ജൽ ജീവൻ | 22001005/ 30.10.2020 | 130000 | കേരള വാട്ടർ അതോറിറ്റി | കരാർ ,വിനിയോഗവിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |

| | | | | | |
|---|---|---|---|---|---|
| | മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ -എസ്.സി | | | | |
| 7 | 223/21-ജൽ ജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ -എസ്.സി | 22001004/ 30.10.2020 | 396000 | കേരള വാട്ടർ അതോറിറ്റി | കരാർ ,വിനിയോഗവിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 8 | 206/21-സ്ട്രീറ്റ് മെയിൻ വ്യാപനം | 22000933/ 18.06.2020 | 400000 | കെ.എസ്.ഇ.ബി | കരാർ ,വിനിയോഗവിവരം, കംപ്ലീഷൻറിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 9 | 225-1,15 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വ്യാപനം | 22001433/ 26.02.2021 22001246/ 15.03.2021 | 24146 25854 | കെ.എസ്.ഇ.ബി | കരാർ , വിനിയോഗ വിവരം,കംപ്ലീഷൻ റിപ്പോർട്ട്,മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 10 | 226/21-വാർഡ്2 രാമപുരം അമ്പലക്കാവ് തെരുവുവിളക്കുകൾക്കായി ഇലക്ട്രിക്ക് പോസ്റ്റ് സ്ഥാപിക്കലും സ്ട്രീറ്റ് മെയിൻ വ്യാപനം | 22001434/ 26.02.2021 | 147763 | കെ.എസ്.ഇ.ബി | കരാർ , വിനിയോഗ വിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 11 | 28/21-ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22001342/ 27.1.2021 22001435/ 26.02.2021 22001471/ 27.3.2021 | 14276 (വാർഡ് 8) 15085 (വാർഡ് 13) 69639 (പാപ്പിരുത്തി റോഡ് വികസനം-എസ്റ്റിമേറ്റ് 81345 . നൽകിയത് 69639) | കെ.എസ്.ഇ.ബി | കരാർ , വിനിയോഗ വിവരം, കംപ്ലീഷൻ റിപ്പോർട്ട്, മോണിറ്ററിങ്ങ് റിപ്പോർട്ട് |
| 12 | 20/21-എ.ബി.സി പ്രോഗ്രാം | 22000915/ 15.5.2020 | 75000 | ജില്ല മിഷൻ കോ ഓർഡിനേഷൻ | വിനിയോഗ സാക്ഷ്യപത്രം |
| 13 | 15/21-കാൻ തൃശ്ശൂർ | 22001087/ 12.1.2021 | 100000 | ജില്ല പഞ്ചായത്ത് | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| 14 | 02/21-<br>ഐ.കെ.എം<br>വിഹിതം | 22000914/<br>15.5.2020 | 82348 | ഐ.കെ.എം | വിനിയോഗ<br>സാക്ഷ്യപത്രം |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ലഭ്യമാകും വരെ 31,97,963 രൂപ (1 മുതൽ 11 വരെയുള്ള വിവിധ ഡെപ്പോസിറ്റ് പ്രവർത്തികളുടെ തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി 5/08.6.2022)

## 1-36 തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം – സെക്രട്ടറി
പ്രോജക്ട് – തെരുവ് വിളക്കുകൾക്ക് എൽ.ഇ.ഡി സ്ഥാപിക്കൽ (22/21)
അടങ്കൽ - 511200 (ധനകാര്യകമ്മീഷൻ ഗ്രാന്റ്)
ചെലവ് - 509764/-
വൗച്ചർ നമ്പർ - 22001014/18.11.2020,509764/-

പഞ്ചായത്തിലെ തെരുവ് വിളക്കുകൾ ഇല്ലാത്ത പോസ്റ്റുകളിൽ തെരുവ് വിളക്കുകൾ ഘടിപ്പിക്കുന്നതിനായി രൂപീകരിച്ച പദ്ധതി. പത്ര പരസ്യം നൽകി ക്വട്ടേഷൻ/ടെണ്ടർ നടപടികളിലൂടെ നിർവ്വഹിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ 25/04/2020 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം 1(4) പ്രകാരം
ഈ പദ്ധതിയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ കാലതാമസം നേരിടും എന്നതിനാൽ ആർട്ട്കോയെ പദ്ധതി നിർവ്വഹണത്തിന് ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ARTCO യിൽ നിന്നും ലഭിച്ച ഇൻവോയിസ് (നമ്പർ 229/06.11.2020) പ്രകാരം സപ്ലൈ ഓർഡർ നൽകുകയും 144 LEDകൾ സ്ഥാപിക്കുകയും ചെയ്തു. ഇൻവോയിസ് പ്രകാരം ഒരു എൽ.ഇ.ഡി ലൈറ്റിന്റെ നിരക്ക് 3550 (3170+12% GST) രൂപയാണ്.
2020-21 വർഷങ്ങളിൽ മുകളിൽ പറഞ്ഞപ്രകാരം തുക നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

1. 2020-21 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ (25/04/2020 ൽ) ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ കാലതാമസം നേരിടും എന്ന തീരുമാനം കൈക്കൊള്ളുവാനുണ്ടായതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2. 5,11,200 രൂപ വകയിരുത്തിയ പദ്ധതിയ്ക്ക് ഇ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ARTCO പോലെയുള്ള അക്രഡിറ്റഡ് ഏജൻസികൾക്കും ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിന് തടസ്സമില്ല എന്ന വ്യവസ്ഥ നിലനിൽക്കേ നേരിട്ട് നിർവ്വഹണം ഏൽപ്പിച്ചതിന്റെ കാരണവും ഫയലിൽ നിന്നും വ്യക്തമല്ല.

3. ജി.ഒ(ആർറ്റി)നം.19/2010/എസ്.പി.ഡി തീ.13/05/2019 എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടത്തിയ വാങ്ങൽ നടപടിയിൽ ഈ ഉത്തരവിന്റെ അനുബന്ധമായി ARTCO യ്ക്ക് വിതരണം നടത്താൻ കഴിയുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും നിരക്കും രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ക്രമ നമ്പർ 75 ആയി ഉൾപ്പെടുത്തിയിട്ടുള്ള Street Light Diecast Aluminium 25W ന് 2,849/- രൂപയാണ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിൽ വിതരണം നടത്തിയിട്ടുള്ള LED മേൽ സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നതാണോ എന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

4. ARTCO യിൽ നിന്നും ലഭിച്ച സ്പെസിഫിക്കേഷൻ ലെറ്ററിൽ 3,550 രൂപയാണ്എൽ.ഇ.ഡി ബൾബിനും ഇൻസ്ററലേഷനും കൂടി ( 3170 രൂപ എൽ.ഇ.ഡി ബൾബിനും 380 രൂപ GSTയും ) രേഖപ്പെടിത്തിയിരിക്കുന്നത്. 3,170 രൂപ ഇൻസ്റ്റലേഷൻ ചർജ്ജ് ഉൾപ്പെടെയെങ്കിൽ ആയതിന്റെ വിശദമായ എസ്ററിമേറ്റ് ലഭ്യമാക്കിയിട്ടില്ല. 2,849/- രൂപയിൽ ഇൻസ്റ്റലേഷൻ ചർജ്ജ് ഉൾപ്പെടുന്നുണ്ടോ എന്ന വിഷയത്തിലും വ്യക്തത വരുത്തുന്നതിന് ആവശ്യപ്പെട്ടിരുന്നു.

5. മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിക്കുക വഴി പൊതുമാർക്കറ്റിൽ നിന്നും ഇതിലും കുറഞ്ഞ നിരക്കിൽ പദ്ധതി നിർവ്വഹിക്കാനുള്ള സാധ്യത വിലയിരുത്തിയിട്ടില്ല.

5.ആർട്ട്കോ പോലെയുള്ള സ്ഥാപനങ്ങളെ നിലനിർത്തിപോരുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ,സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം വ്യവസായ സംരംഭങ്ങളെപ്രോത്സാഹിപ്പിക്കുന്നതിനുമാണ് കാലാകാലങ്ങളിൽ സർക്കാർ അംഗീകാരം ദീർഘിപ്പിച്ചുനൽകുന്നത്.ആയതിനാൽ ടി ഉത്തരവിൽ വ്യവസ്ഥ 4 ൽ "Manufacturing For The Above Pupose Doesnot Include Mere Repacking Or Rebranding Or Merely Assemble Of Items But Shall Invovle At Least 25% Value Addition".ഈ വ്യവസ്ഥ പ്രകാരം ഇവർ തന്നെ നിർമ്മാണം നടത്തിയിട്ടുള്ള LED ആണെന്ന് ഉറപ്പ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ സപ്ലൈ ഓർഡർ നൽകിയതായി കാണുന്നില്ല.

7.ആർട്ട്കോയ്ക്ക് സപ്ലൈ ചെയ്യുന്നതിനുള്ള അനുമതിയുള്ളുവെന്നാണ് ഉത്തരവിൽ നിന്നും മനസ്സിലാകുന്നത്.ഇൻസ്റ്റലേഷൻ

മറ്റ് അനുബന്ധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 176 LED കൾ എവിടെയെല്ലാം സ്ഥാപിച്ചു വെന്ന് വ്യക്തമാക്കിയിട്ടില്ല.

9. പദ്ധതിയുടെ കംപ്ലീഷൻ, മോണിറ്ററിങ്ങ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കും വരെ ചെലവ് തുക 5,09,764/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി6/8.9.2022

## 1-37 മുഴവൻ തെരുവു വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക IIIലെ ക്രമനമ്പർ 15 പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി 1200 തെരുവ് വിളക്കുകൾ ഉണ്ട്. എന്നാൽ പല വാർഡുകളിലെയും തെരുവ് വിളക്കുകളുടെ തരം രേഖപ്പെടുത്തിയിട്ടില്ല (ഉദാ- വാർഡ് 2, 8). രേഖപ്പെടുത്തപ്പെട്ട തെരുവ് വിളക്കുകളിൽ ഭൂരിഭാഗവും സി.എഫ്.എൽ ആണ്. കൂടാതെ തെരുവ് വിളക്കുകളായി ബൾബ്, ട്യൂബ് ലൈറ്റ് എന്നിവയും ഉണ്ട്. എന്നാൽ 2019-20, 2020-21 വർഷങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി എൽ.ഇ.ഡി. ബൾബുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് തെരുവ് വിളക്കുകളുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

2020-21 വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 11,20,966/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം ശരാശരി 21,500/- രൂപയോളം ചെലവഴിക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കുറവ് വരുത്തുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്തും കെ.എസ്.ഇ.ബി.യും സംയുക്തമായി പരിശോധന നടത്തി പഞ്ചായത്ത് പ്രദേശത്തെ പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ കണ്ടെത്തേണ്ടതും ആയത് പ്രകാരം തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിഷ്കരിക്കേണ്ടതുമാണ്.

2. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവു വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- അനുവദിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക ക്രമീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രൊജക്ടിന്റെ പേരും നമ്പരും | 69/21- കന്നുകുട്ടി പരിപാലന പരിപാടി |
| നടപ്പാക്കിയ വർഷം | 2020-21 |
| അടങ്കൽ തുക | 6,00,000 |
| ചെലവഴിച്ച തുക | 3,00,000/- (വികസന ഫണ്ട്(ജനറൽ)) (വൗച്ചർ നം. 22001002/28.10.20 – 3,00,000/-) |

2020-21 വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് 24 ഗുണഭോക്താക്കൾക്ക് 12500/- രൂപ വീതം 300000/- രൂപ കൈമാറിയിട്ടുണ്ട്. മേൽ പദ്ധതിയുടെ വ്യക്തിഗതനാൾ വഴി രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. മേൽ പദ്ധതിയുടെ വ്യക്തിഗത നാൾ വഴി രജിസ്റ്ററിലെ കൈപ്പറ്റ് വിവരങ്ങളും കൈപ്പറ്റിയ മാസം വരെയുള്ള കാലിത്തീറ്റയുടെ സബ്സിഡി തുകകളും അനുസരിച്ച് 2020-21 വർഷത്തിൽ 24 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്ത കാലിത്തീറ്റയുടെ ആകെ സബ്സിഡി തുക 2,76,598/- രൂപ മാത്രമാണ്.

2. പ്രൊജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി (നം.14/09.06.22) എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടറുടെ 10/06/2022 ലെ AHD/TSR/SLBP/TSR/323/2022 നമ്പർ കത്തും 2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ 3,00,000/- രൂപയിൽ 2,97,756/- രൂപ വിനിയോഗിച്ചതായുള്ള സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടവാക്കുന്നത് സംബന്ധിച്ച് എസ്.എൽ.ബി.പി. അഡീഷണൽ ഡയറക്ടറിൽ നിന്ന് നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് മേൽ കത്തിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കുന്നത് സംബന്ധിച്ച തുടർ

നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-39 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് വാങ്ങുമ്പോൾ ആവശ്യമായ സൂക്ഷിപ്പ് കാലാവധി ഉറപ്പ് വരുത്തേണ്ടതാണ്.

2020-21 വർഷത്തിൽ വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രൊജക്റ്റ് നമ്പർ- 68/21) എന്ന പദ്ധതിക്കായി റോഡിതര മെയിന്റൻസ് ഫണ്ടിൽ നിന്നും 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മരുന്നുകൾ വാങ്ങിയിരിക്കുന്നത് സപ്ലൈകോ മെഡിക്കൽ സ്റ്റോർ, വടക്കാഞ്ചേരിയിൽ നിന്നുമാണ്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മരുന്നുകൾ കൈപ്പറ്റിയത് 04/07/2020 ന് ആണ്. ടി മരുന്നുകളുടെ Goods Issue Sheet , സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ മേൽ പദ്ധതി പ്രകാരം വാങ്ങിയ ചില മരുന്നിനങ്ങൾ എക്സ്പയറി ഡേറ്റ് കഴിഞ്ഞും വിതരണം ചെയ്തതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(I). E Booster 1 Ltr. - എക്സ്പയറി ഡേറ്റ് - 31.01.21, സ്റ്റോക്ക് രജിസ്റ്റർ (പേജ് നം. 48) പ്രകാരം അവസാനം വിതരണം ചെയ്തത് 16/04/21.

(Ii). Bernil RTU Inj. - എക്സ്പയറി ഡേറ്റ് - 30.09.20, സ്റ്റോക്ക് രജിസ്റ്റർ (പേജ് നം. 19) പ്രകാരം അവസാനം വിതരണം ചെയ്തത്- 28/02/21.

മരുന്നുകൾ വാങ്ങുമ്പോൾ ആവശ്യമായ സൂക്ഷിപ്പ് കാലാവധി ഉറപ്പ് വരുത്തേണ്ടതാണ്. അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-40 പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയപ്പോൾ കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2020-21വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയത് മേൽപറഞ്ഞ നിരക്കിലല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -145/21 – പഞ്ചായത്ത് ഓഫീസിലെ വിമൺ ഫ്രണ്ട്‌ലി ടോയ്‌ലറ്റ് മെയിന്റനൻസ്<br>അടങ്കൽ - 250000/-<br>കരാർ തുക – 249730/-<br>കരാറുകാരൻ - ബിനേഷ് എ ബി<br>എഗ്രിമെന്റ് നം.28/AE /LSGD/KTKPL /2018-19dt.06.12.2018<br>അളവു പുസ്തകം- 4/19-20 | 06.12.2018 | 05.08.2019 | 20.03.2020 | 7492 | 2497 | 4995 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ട്രഷറി ബിൽ നമ്പർ 20/120.5.2020 – 57370/-<br>76/08.01.2021 - 141729<br>ചെലവ് തുക – 149280/-<br>(സാങ്കേതിക അനുമതി പ്രകാരം 6മാസം | | | | | | |
| 2 | പ്രോജക്ട് നമ്പർ - 174/21 – വൃദ്ധർക്ക് പകൽവീട് നിർമ്മാണം (സ്പിൽ ഓവർ)<br>അടങ്കൽ - 216199<br>കരാർ തുക – 807464/-<br>കരാറുകാരൻ - ബിനേഷ് എ ബി<br>എഗ്രിമെന്റ് നം.42/AE /LSGD/KTKPL /2017-18 Dt.07.03.2018<br>അളവു പുസ്തകം- 80/15-16, 51/18, 91/20-21<br>ട്രഷറി ബിൽ നമ്പർ 28/19.5.2020 – 84208/-<br>98/30.3.2021 - 131558/-<br>ചെലവ് തുക – 215766/- (ഫൈനൽ ബിൽ)<br>(സാങ്കേതിക അനുമതി പ്രകാരം 8മാസം) | 7.3.2018 | 6.11.2018 | 24.02.2021 | 24224 | 16149 | 8075 |
| 3 | പ്രോജക്ട് നമ്പർ - 207/21 – 48-ാം നമ്പർ അംഗൻവാടിക്ക് ചുറ്റുമതിൽ -വാർഡ് 4 (സ്പിൽ ഓവർ)<br>അടങ്കൽ - 333200 | 06.12.2018 | 05.08.2019 | 18.3.2020 | 9965 | 6644 | 3321 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | കരാർ തുക – 332176<br>കരാറുകാരൻ - കെ പി കുഞ്ഞുമോൻ ഹാജി<br>എഗ്രിമെന്റ് നം.39/AE /LSGD/KTKPL /2018-19 Dt.06.12.2018<br>അളവു പുസ്തകം- 23/19-20, 139/2019-20<br>ട്രഷറി ബിൽ നമ്പർ 16/29.5.2020<br>ചെലവ് തുക – 286829/- (ഫൈനൽ ബിൽ)<br>(സാങ്കേതിക അനുമതി പ്രകാരം 8മാസം) | | | | | | | |
| | ആകെ | | | | | | | 16391 |

മുകളിൽ പറഞ്ഞ പ്രകാരം കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/13.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനാലാണ് പ്രവൃത്തി പൂർത്തീകരണം വൈകിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് കരാറുകാരൻ വച്ചതായി കാണുന്നില്ല.കൂടാതെ കരാറുകാരന്റെ ഭാഗത്ത് പിഴവൊന്നുമില്ലെങ്കിൽ കുറഞ്ഞ നിരക്കിലും പിഴ ഈടാക്കേണ്ടതില്ലായിരുന്നു. അതിനാൽ മറുപടി അംഗീകരിക്കാനാകില്ല. പിഴ ഇനത്തിൽ കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് നീട്ടി നൽകിയപ്പോൾ കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കി

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് തവണ കരാർ കാലയളവിന്റെ 25% കൂടി നീട്ടി അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി.

എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയത് മേൽപറഞ്ഞ നിരക്കിലല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ | ഈടാക്കിയ പിഴ | കുറവ് |
|---|---|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ -145/21 – പഞ്ചായത്ത് ഓഫീസിലെ വിമൺ ഫ്രണ്ട്‌ലി ടോയ്‌ലറ്റ് മെയിന്റനൻസ്<br>അടങ്കൽ - 250000/-<br>കരാർ തുക – 249730/-<br>കരാറുകാരൻ - ബിനേഷ് എ ബി<br>എഗ്രിമെന്റ് നം.28/AE /LSGD/KTKPL /2018-19dt.06.12.2018<br>അളവു പുസ്തകം- 4/19-20<br>ട്രഷറി ബിൽ നമ്പർ 20/120.5.2020 – 57370/-<br>76/08.01.2021 - 141729<br>ചെലവ് തുക – 149280/-<br>(സാങ്കേതിക അനുമതി പ്രകാരം 6മാസം | 06.12.2018 | 05.08.2019 | 20.03.2020 | 7492 | 2497 | 4995 |
| 2 | പ്രോജക്ട് നമ്പർ - 174/21 – വൃദ്ധർക്ക് പകൽവീട് നിർമ്മാണം (സ്പിൽ ഓവർ)<br>അടങ്കൽ - 216199<br>കരാർ തുക – 807464/-<br>കരാറുകാരൻ - ബിനേഷ് എ ബി<br>എഗ്രിമെന്റ് നം.42/AE /LSGD/KTKPL /2017-18 Dt.07.03.2018 | 7.3.2018 | 6.11.2018 | 24.02.2021 | 24224 | 16149 | 8075 |

| | | | | | | | |
|---|---|---|---|---|---|---|---|
| | അളവു പുസ്തകം- 80/15-16, 51/18, 91/20-21<br>ട്രഷറി ബിൽ നമ്പർ 28/19.5.2020 – 84208/-<br>98/30.3.2021 - 131558/-<br>ചെലവ് തുക – 215766/- (ഫൈനൽ ബിൽ)<br>(സാങ്കേതിക അനുമതി പ്രകാരം 8മാസം) | | | | | | |
| 3 | പ്രോജക്റ്റ് നമ്പർ - 207/21 – 48-ാം നമ്പർ അംഗൻവാടിക്ക് ചുറ്റുമതിൽ -വാർഡ് 4 (സ്പിൽ ഓവർ)<br>അടങ്കൽ - 333200<br>കരാർ തുക – 332176<br>കരാറുകാരൻ - കെ പി കുഞ്ഞുമോൻ ഹാജി<br>എഗ്രിമെന്റ് നം.39/AE /LSGD/KTKPL /2018-19 Dt.06.12.2018<br>അളവു പുസ്തകം- 23/19-20, 139/2019-20<br>ട്രഷറി ബിൽ നമ്പർ 16/29.5.2020<br>ചെലവ് തുക – 286829/- (ഫൈനൽ ബിൽ)<br>(സാങ്കേതിക അനുമതി പ്രകാരം 8മാസം) | 06.12.2018 | 05.08.2019 | 18.3.2020 | 9965 | 6644 | 3321 |
| | ആകെ | | | | | | 16391 |

മുകളിൽ പറഞ്ഞ പ്രകാരം കുറഞ്ഞ നിരക്കിൽ പിഴ ഈടാക്കിയതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 27/13.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. പിഴ ഇനത്തിൽ കുറവ് വന്ന തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് ഭവന പദ്ധതി | 175/ഡിബി1 /15/തസ്വഭവ തീയതി 19.8.2015 പ്രകാരം ആനുവദിച്ച തുക 1920000 | 803807 (തൻവർഷം) | 9266139 | 2018685 | 7247454 |
| ലൈഫ് ഭവന പദ്ധതി | | | 2448217 | 424197 | 2024020 |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

### 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-2 | 2017-18 | 3-2 | തെരുവ് വിളക്കുകൾ, പൊതു ടാപ്പുകൾ സംയുക്ത പരിശോധന നടത്തിയിട്ടില്ല | തെരുവ് ടാപ്പുകളുടെ സംയുക്ത പരിശോധന പൂർത്തീകരിച്ചു. എന്നാൽ ടാപ്പുകളെ സംബന്ധിച്ച റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല. |
| 2015-16 | 2-1 | 2018-19 | 2.1 | ബി എസ് എൻ എൽ സ്ഥാപന നികുതി അടവാക്കാത്തത് | ബി എസ് എൻ എൽ -ന് ആർ ആർ നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. |
| 2001-02 | 3.5 | 2007-08 | 3.5 | പീഠികേശ്വരം റോഡ് | 13.6.2022-ന് നടന്ന നിയമസഭാ സമിതി |

| | | | | | |
|---|---|---|---|---|---|
| | | | | | യോഗത്തിൽ പ്രസ്തുത പരാമർശം എഴുതിത്തള്ളിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,59,15,146 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,58,11,073 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16391 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5253482 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16391 | ശ്രീ ജ്യോതിരാജ് പി എസ്, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 1,04,450 | ഡോ.ജെറ്റ്സി മാത്യു പി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-31 | 5,71,600 | ശ്രീമതി. ഷീല സി. സി. ,ഹെഡ് മിസ്ട്രസ്സ് |
| 1-32 | 5,98,705 | ശ്രീകുമാരി പി.എം,സെക്രട്ടറി |
| 1-33 | 2,71,000 | ഷാനിബ ടി എം,അസി.സെക്രട്ടറി |
| 1-35 | 27,97,963 | ശ്രീകുമാരി പി.എം,സെക്രട്ടറി |
| | 4,00,000 | ഷാനിബ ടി എം,അസി.സെക്രട്ടറി |
| 1-36 | 5,09,764 | ശ്രീകുമാരി പി.എം,സെക്രട്ടറി |
| ആകെ | 5253482 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ജ്യോതിരാജ് പി എസ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് | പരംജ്യോതി വീട്, ഇയ്യാൽ പി ഒ, തൃശ്ശൂർ -680501 |
| ശ്രീകുമാരി പി.എം,സെക്രട്ടറി | ലഭ്യമാക്കിയില്ല | ശ്രുതി,പുളർക്കര,അയ്യന്തോൾ |
| ഷാനിബ ടി എം,അസി.സെക്രട്ടറി | ലഭ്യമാക്കിയില്ല | കൊട്ടിലവളപ്പിൽ വീട്, പതാക്കര,കരിക്കാട്-680519 |
| ഡോ.ജെറ്റ്സി മാത്യൂ പി, മെഡിക്കൽ ഓഫീസർ, | ലഭ്യമാക്കിയില്ല | പനക്കൽ വീട്, കുന്നംകുളം |
| ഷീല സി. സി. ,ഹെഡ് മിസ്ട്രസ്സ് | ലഭ്യമാക്കിയില്ല | പുലിക്കോട്ടിൽ വീട്, കാഞ്ഞിരത്തിങ്കൽ, തൃശ്ശൂർ 680544 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 10 – 50/83 തി. 19.3.83 |
| 1981-82 | എൽ.എഫ്.ടി. 10 – 1957/84 തി. 28.10.84 |
| 1982-83 | എൽ.എഫ്.ടി. 10 – 1501/87 തി. 11.5.88 |
| 1983-84 | എൽ.എഫ്.ടി. 10 – 1277/88 തി. 26.7.88 |
| 1984-85 | എൽ.എഫ്.ടി. 10 – 67/90 തി. 3.2.90 |
| 1985-86 | എൽ.എഫ്.ടി. 10 – 2050/90 തി. 30.7.91 |
| 1986-87,87-88 | എൽ.എഫ്.ടി. 10 – 1093/92 തി. 23.3.93 |
| 1988-89,89-90 | എൽ.എഫ്.ടി. 10 – 176/94 തി. 25.6.94 |
| 1990-91 | എൽ.എഫ്.ടി. 10 – 1691/94 തി. 29.8.95 |
| 1992-93,93-94 | എൽ.എഫ്.ടി. 10 – 430/95 തി. 20.11.95 |
| 1995-96 | എൽ.എഫ്.ടി. 10 – 752/2001തി. 6.2.01 |
| 96-97 | എൽ.എഫ്.ടി. 10 – 356/93 തി. 24.10.00 |
| 97-98 | എൽ.എഫ്.ടി. 10 – 1097/99 തി. 28.5.2000 |
| 98-99 | എൽ.എഫ്.ടി. 10 – 943/2000 തി. 14.9.2000 |
| 99-2000 | എൽ.എഫ്.ടി. 10 – 1680/02 തി. 14.9.00 |
| 2000-01, 01-02( പ്ലാൻ) | എൽ.എഫ്.ടി. 10 – 1398/03 തി. 13.11.03 |
| 2001-02 | എൽ.എഫ്.ടി. 10 – 2406/07 തി. 7.12.07 |
| 2002-03 | എൽ.എഫ്.ടി. 10 – 2448/07 തി. 20.12.08 |
| 2003-04 | എൽ.എഫ്.ടി. 10 – 2147/07 തി. 20.12.08 |
| 2004-05 | എൽ.എഫ്.ടി. 10 – 2149/07 തി. 20.12.08 |
| 2005-06, | എൽ.എഫ്.ടി. 10 – 2150/07 തി. 20.12.08/6.2.09 |
| 2006-07 | എൽ.എഫ്.ടി. 10 – 540/10 തി. 18.9.10/1.9.11 |
| 2007-08 | എൽ.എഫ്.ടി.പി 2 – 1920/11 തി. |

| | |
|---|---|
| 2008-09 | എൽ.എഫ്.ടി.പി 2 – 1921/11 തി. 27.2.12 |
| 2009-10, 2010-11 | എൽ.എഫ്.ടി.പി 2 – 1422/12 തി. |
| 2011-12 | എൽ.എഫ്.ടി.പി 6 – 1976/13 തി. 2.6.14/16.7.14 |
| 2012 -13 | എൽ.എഫ്.ടി.പി 9 – 1838/14 തി. 16.3.15/11.5.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി 9 –1686/15, 23.12.2015/16.1.16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1148/16,16/7/16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -2051/16,7.12.16/17.1.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി 9) -1314/2017തീയതി 18.09.17/12.10.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി 6) -1674/2018തീയതി 10.01.19 |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ(പി6)- 329/2020 -/<br>തീയതി: 13.05.2020 |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ(പി 7) 907 /2022<br>തീയതി : 28/06/2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാല് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്